**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4748** **19-03-2025 - ൽ മറുപടിയ്ക്ക്**

**അക്വാകൾച്ചർ പ്രൊമോട്ടർ, അക്വാകൾച്ചർ കോർഡിനേറ്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അക്വാകൾച്ചർ പ്രൊമോട്ടർ, അക്വാകൾച്ചർ കോർഡിനേറ്റർ എന്നീ നിലകളിൽ പ്രവർത്തിക്കുന്ന എത്ര പേരാണുള്ളതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിൽ ആകെ 398 അക്വാകൾച്ചർ പ്രൊമോട്ടർമാരും 53 പ്രോജക്ട് കോർഡിനേറ്റർമാരും വിവിധ ജില്ലകളിലായി ജോലി ചെയ്തു വരുന്നു. |
| (ബി) | പ്രസ്തുത പ്രൊമോട്ടർ/കോർഡിനേറ്റർമാരുടെ ജോലി എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് മത്സ്യകൃഷി വ്യാപിപ്പി ക്കുന്നതിനും ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന മത്സ്യകൃഷി പദ്ധതി പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിനുമായി അക്വാകൾച്ചർ പ്രൊമോട്ടർമാരുടെയും പ്രോജക്ട് കോർഡിനേറ്റർമാരുടെയും സേവനം പ്രയോജനപ്പെടുത്തുന്നു. മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കുന്നതിന് കർഷകരെ സഹായിയ്ക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരാണ് ഇവർ. മത്സ്യകൃഷിയുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്കായി കർഷകരുമായി നേരിട്ട് ബന്ധപ്പെടുകയും വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതി വിവരങ്ങൾ കർഷകരിൽ എത്തിയ്ക്കുക, ദൈനംദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കർഷകർക്ക് ഉണ്ടാകുന്ന സംശയങ്ങൾ ദൂരീകരിയ്ക്കുക, കർഷകരെ സഹായിയ്ക്കുക എന്നതാണ് പ്രൊമോട്ടർമാരിൽ നിക്ഷിപ്തമായിരിയ്ക്കുന്ന കർത്തവ്യം. ക്ലസ്റ്ററുകൾ തിരിച്ചാണ് ജില്ലയിൽ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ഓരോ ക്ലസ്റ്ററിലേയും പഞ്ചായത്തുകളിൽ മത്സ്യകൃഷി പദ്ധതികളുടെ ഏകോപന ചുമതല പ്രോജക്ട് കോർഡിനേറ്റർമാർക്കാണ്. |
| (സി) | തിരുവനന്തപുരം ജില്ലയിൽ എത്ര പേർ പ്രസ്തുത ജോലി ചെയ്യുന്നുണ്ടെന്ന് വിശദമാക്കാമോ; എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (സി) | തിരുവനന്തപുരം ജില്ലയിൽ 6 അക്വാകൾച്ചർ കോർഡിനേറ്റർമാരും, 24 അക്വാകൾച്ചർ പ്രൊമോട്ടർമാരും ജോലി ചെയ്തു വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>അക്വാകൾച്ചർ പ്രൊമോട്ടർ |

| ക്രമ നം. | ജോലി ചെയ്തു വരുന്ന ക്ലസ്റ്റർ | എണ്ണം |
|---|---|---|
| 1 | വർക്കല | 1 |
| 2 | ചിറയിൻകീഴ് | 4 |
| 3 | പുത്തൻതോപ്പ് | 2 |
| 4 | തിരുവനന്തപുരം | 2 |
| 5 | വിഴിഞ്ഞം | 3 |
| 6 | കാട്ടാക്കട | 4 |
| 7 | പെരുങ്കടവിള | 3 |
| 8 | നെടുമങ്ങാട് | 1 |
| 9 | പൂവാർ | 3 |
| 10 | പള്ളം | 1 |
| | **ആകെ** | **24** |

<u>അക്വാകൾച്ചർ കോ-ഓർഡിനേറ്റർ</u>

| ക്രമ നം. | ജോലി ചെയ്തു വരുന്ന ക്ലസ്റ്റർ | എണ്ണം |
|---|---|---|
| 1 | വർക്കല | 1 |
| 2 | ചിറയിൻകീഴ് | 1 |
| 3 | പൂത്തൻതോപ്പ് | 1 |
| 4 | തിരുവനന്തപുരം<br>വിഴിഞ്ഞം | 1 |
| 5 | കാട്ടാക്കട | 1 |
| 6 | പെരുങ്കടവിള<br>നെടുമങ്ങാട് | 1 |
| | ആകെ | 6 |

സെക്ഷൻ ഓഫീസർ